24/12/21

04/12/2021 സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**AP.628(6)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 6248/SIC-G5/2021**

**സന്നിഹിതൻ**

**അഡ്വ. എച്ച്. രാജീവൻ, വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. സിന്റോ പി.ഡി,<br>പാനിക്കുളം വീട്,<br>കോടന്നൂർ പി.ഒ.<br>പിൻ– 680 563. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,<br>സെക്രട്ടറി,<br>പാറളം ഗ്രാമപഞ്ചായത്ത്,<br>അമ്മാടം പി.ഒ., തൃശ്ശൂർ – 680 563.<br>2. അപ്പീൽ അധികാരി,<br>പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,<br>തൃശ്ശൂർ. | എതിർകക്ഷികൾ |

## അന്തിമ ഉത്തരവ്

കമ്മീഷന്റെ 05/10/2021 –ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ശ്രീ. ഷിബു ഇ.എം. ഉം അപ്പീൽ അധികാരി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, തൃശ്ശൂർ നൽകിയിട്ടുള്ള വിശദീകരണം പരിശോധിച്ചതിൽ ആയത് തൃപ്തികരമായി കാണുന്നു. മനഃപൂർവ്വമായി വിവരം മറച്ചുവയ്ക്കുന്നതിനോ നൽകാതിരിക്കുന്നതിനോ വേണ്ടി ശ്രമിച്ചിട്ടുള്ളതായി കാണാൻ കഴിയുന്നില്ല. എന്നാൽ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കാണിക്കേണ്ട ജാഗ്രതയോ ഗൗരവമോ വേണ്ടത്ര പുലർത്തിയിട്ടുള്ളതായി കാണുന്നില്ല. ഒന്നാം എതിർകക്ഷി നൽകിയ വിശദീകരണത്തിൽ തന്റെ പരിമിതികൾക്കും ജോലീതിരക്കിനും ആണ് ഊന്നൽകൊടുത്ത് കാണുന്നത്. വിവരാവകാശ നിയമപ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല വഹിക്കുമ്പോൾ തന്റെ തനത് ജോലികൾക്കൊപ്പം തന്നെ വിവരാവകാശ നിയമത്തിന്റെ ജാഗ്രത ഉൾക്കൊണ്ട് പ്രവർത്തിക്കേണ്ടതാണ്. മേലിൽ ഇത്തരത്തിൽ ഗൗരവവും ജാഗ്രതയും ഇല്ലാതെ വിവരാവകാശ നിയമപ്രകാരമുള്ള ഫയലുകൾ കൈകാര്യം ചെയ്യാൻ പാടില്ല എന്ന് ടിയാനെ കമ്മീഷൻ ശക്തമായി താക്കീത് ചെയ്യുന്നു.

RIGHT TO INFORMATION

sh

അപ്പീലധികാരിയുടെ പ്രവൃത്തിയും വിവരാവകാശ നിയമത്തിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊള്ളാതെ ലാഘവത്തോടെയുള്ളതായിട്ടാണ് കാണാൻ കഴിയുന്നത്. മേലിൽ ടിയാന്റെ ഭാഗത്തുനിന്നും അത്തരം പ്രവൃത്തികൾ ഉണ്ടാവാതിരിക്കുവാൻ ജാഗ്രത പുലർത്തേണ്ടതാണെന്ന് രണ്ടാം എതിർകക്ഷി(ഒന്നാം അപ്പീലധികാരി)യെയും കമ്മീഷൻ താക്കീത് ചെയ്തുകൊണ്ട് ഇന്നേ ദിവസം 2021 ഡിസംബർ 4- ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

**എച്ച്. രാജീവൻ**
വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

RIGHT TO INFORMATION

sh